പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4812** 27.10.2016 ൽ മറുപടിക്ക്

**കാലപ്പഴക്കം ചെന്ന റയിൽവേ കോച്ചുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കാലപ്പഴക്കം ചെന്ന റയിൽവേ കോച്ചുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ പുതിയ കോച്ചുകൾ അനുവദിക്കുന്നകാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (എ) | കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷ സംബന്ധിച്ച് തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തിര ഇടപെടലിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും ട്രാക്കുകളും സിഗ്നലിംഗ് സംവിധാനങ്ങളും മാറ്റുന്നതിനും പാതഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഹൈടെക്ക് കോച്ചുകൾ കേരളത്തിൽ ഓടുന്ന തീവണ്ടികളിൽ ഏർപ്പെടുത്തുന്നതിനും വേണ്ടി പ്രസ്തുത വിവരം ചൂണ്ടിക്കാട്ടി വകുപ്പ് മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് 28.08.2016, 30.08.2016, 20.09.2016 എന്നീ തീയതികളിൽ കത്തയച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കോച്ചുകൾ മാറ്റുന്നതിനും റെയിൽവേ ലൈനുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പുതിയ തലമുറയിൽപ്പെട്ട എൽ.എച്ച്.ബി കോച്ചുകൾ (Linke Hofmann Busch coaches) അനുവദിക്കുന്നതിനും നിർമ്മാണ ഫാക്ടറികളിൽ നിന്നുതന്നെ കോച്ചുകൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ക്വാട്ട അനുവദിക്കുന്നതിനും വേണ്ടി ബഹു. മുഖ്യമന്ത്രി 24.09.2016 ൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ